കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി നഗരസഭയിൽ ഫോർട്ട് കൊച്ചി വൈപ്പിൻ ഫെറി സർവ്വീസിന് വേണ്ടി ബോട്ട് നിർമ്മിക്കുന്നതിനായി **1.68** കോടി രൂപ കേരള ഷിപ്പിംഗ് **&** ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം. 1285/2016/തസ്വഭവ തിരുവനന്തപുരം. തീയതി. 18/03/2016

പരാമർശം - (1) കൊച്ചി നഗരസഭാ കൗൺസിലിന്റെ 24.02.2016-ലെ 1-ാം നമ്പർ തീരുമാനം.

(2) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 17/3/2016-ലെ CCPC16/33490/13 നമ്പർ കത്ത്.

## ഉത്തരവ്

കൊച്ചി നഗരസഭയിൽ ഫോർട്ട് കൊച്ചി വൈപ്പിൻ ഫെറി അപകടത്തെത്തുടർന്ന് കടത്ത് സർവ്വീസിന് വേണ്ടി ബോട്ട് നിർമ്മിക്കുന്നതിനായി **1.68** കോടി രൂപ വകയിരുത്തുന്നതിന് ബഹു. എക്സൈസ് , തുറമുഖ വകുപ്പ് മന്ത്രിയുടെ ചേംബറിൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡബിൾ എഞ്ചിനുള്ള സ്പീഡ് ബോട്ട് നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുണ്ടെന്നും ഇക്കാര്യത്തിലുള്ള അടിയന്തിര പ്രാധാന്യം പരിഗണിച്ച് ബോട്ട് നിർമ്മിക്കുന്നതിനായി **1.68** കോടി രൂപ കേരള ഷിപ്പിംഗ് **&** ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനിൽ നഗരസഭയിൽ നിന്നും ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള അനുമതിയും, ടി പ്രോജക്ട് സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഐ.കെ.എം.-ന് നൽകുന്നതിനുള്ള അനുമതിയും, ടി തുക ഒറ്റത്തവണയായി ട്രഷറിയിൽ നിന്നും പിൻവലിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി പരാമർശം **(2)** ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ഫോർട്ട് കൊച്ചി വൈപ്പിൻ ഫെറി സർവ്വീസിന് വേണ്ടി ഡബിൾ എഞ്ചിനുള്ള സ്പീഡ് ബോട്ട് നിർമ്മിക്കുന്നതിനായി **1.68** കോടി രൂപ കേരള ഷിപ്പിംഗ് **&** ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനിൽ കൊച്ചി നഗരസഭയുടെ പദ്ധതി വിഹിതത്തിൽ നിന്നും ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ഇൻഫർമേഷൻ കേരള മിഷൻ ഈ പ്രോജക്ട് സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

എ പി എം മുഹമ്മദ് ഹാനിഷ്

ഗവൺമെന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ&ഇ), തിരുവനന്തപുരം.

✓ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- നഗരകാര്യ സെക്രട്ടറിയുടെ പി.എ-യ്ക്ക്